# കത്തുകൾ

# മകരജ്യോതി പരസ്യമാക്കുക അല്ലെങ്കിൽ നിർത്തുക

1999 ഫെബ്രുവരി 20, 21 തീയതികളിൽ പത്തനംതിട്ടയിൽ വച്ചു കേരളത്തിലെ ആത്മവിദ്യാസംഘത്തിന്റെ 72-ാം വാർഷിക സമ്മേളനം നടക്കുകയുണ്ടായി.

ഡോ. സുകുമാർ അഴീക്കോട്, കടമ്മനിട്ട രാമകൃഷ്ണൻ, പ്രഫ. പ്രയാർ പ്രഭാകരൻ, കെ.പി.എ. റഹിം, മയ്യനാട് ശശികുമാർ, ഉയ്യരേയ്യരി കുഞ്ഞുകൃഷ്ണൻ മാസ്റ്റർ എന്നിവർ സമ്മേളനത്തിൽ സംബന്ധിച്ച് പ്രഭാഷണങ്ങൾ നടത്തി.

സമ്മേളനം കൈക്കൊണ്ട സുപ്രധാന പ്രമേയങ്ങളിൽ ഒന്ന് ശബരിമല ശ്രീഅയ്യപ്പക്ഷേത്രത്തിലെ മകരവിളക്കിനോടനുബന്ധിച്ചുള്ള മകരജ്യോതി അത്യാവശ്യമെങ്കിൽ ആയതു പരസ്യമായി ചെയ്യാനും അല്ലാത്ത പക്ഷം അതിൽനിന്നും പിന്തിരിയാനും ദേവസ്വം ബോർഡിന് നിർദേശം നല്കാൻ കേരള സർക്കാരിനോട് ആവശ്യപ്പെടുന്നതായിരുന്നു.

പ്രമേയം പറയുന്നു: 'വൈദ്യുതി ബോർഡും തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമലയിലെ മകരവിളക്കിനോടനുബന്ധിച്ച് ഒരുക്കുന്ന മകരജ്യോതി ശുദ്ധാത്മാക്കളായ ഭക്തജനങ്ങളെ കബളിപ്പിക്കുന്ന ഒരു ഹീനപ്രവൃത്തിയാണ്. ഉദ്ബുദ്ധ കേരളത്തിന് ഇത് അപമാനവുമാണ്.

ഈ പ്രവൃത്തി നിർത്തിവയ്ക്കുകയോ അല്ലെങ്കിൽ പരസ്യമാക്കുകയോ വേണമെന്ന് ആത്മവിദ്യാ സംഘം കേരള സർക്കാരിനോട് ആവശ്യപ്പെടുന്നു.

കഴിഞ്ഞ മകരവിളക്കിന് ജ്യോതി കാണുന്നതിനായി തടിച്ചുകൂടിയ ഭക്തജനങ്ങൾക്കു സംഭവിച്ച ദുരന്തം ദേവസ്വം ബോർഡിന്റെ ഈ ഭക്തജന ചൂഷണത്തിന്റെ പ്രത്യാഘാതമാണെന്നിരിക്കെ ആത്മവിദ്യാസംഘത്തിന്റെ ഈ പ്രമേയം പ്രസക്തമാകുന്നു.

**പി.ആർ.കൃഷ്ണൻകുട്ടി**
**വയനാട്.**